<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3970</u> <u>06-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് മതിയായ ശീതീകരണ സംവിധാനമില്ലാത്ത വാഹനങ്ങളിൽ ഐസും ഫോർമാലിൻ പോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസ പദാർത്ഥങ്ങളും കലർത്തിയ മത്സ്യമാണ് സംസ്ഥാനത്ത് വിപണനത്തിനെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് മതിയായ ശീതീകരണ സംവിധാനമില്ലാത്ത വാഹനങ്ങളിൽ ഫോർമാലിൻ പോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസ പദാർത്ഥങ്ങൾ കലർത്തിയ മത്സ്യം സംസ്ഥാനത്ത് വിപണനത്തിനെത്തുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183) |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ കേടായതും രാസ പദാർത്ഥങ്ങൾ കലർത്തിയതുമായ ഏകദേശം എത്ര അളവ് മത്സ്യമാണ് ദിനംപ്രതി നശിപ്പിക്കുന്നത്; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (ബി) | കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 2458 പരിശോധനകൾ നടത്തുകയും 926 മത്സ്യ സാമ്പിളുകൾ ശേഖരിയ്ക്കുകയും 185 പേർക്ക് നോട്ടീസ് നൽകുകയും 19 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 1065.44 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും കൂടാതെ ഫോർമാലിൻ/അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് 247 കി.ഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനകളിൽ "unsafe" ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാര മില്ലാത്തതായ "substandard" പരിശോധന ഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജുഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് മതിയായ ശീതീകരണ സംവിധാനമുള്ള വാഹനങ്ങളിൽ മാത്രം മത്സ്യം കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് അനുമതി നൽകുന്നതിനും കേടായതും രാസ പദാർത്ഥങ്ങൾ കലർത്തിയതുമായ മത്സ്യം കൊണ്ട് വരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ വച്ച് തന്നെ തടയുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് മതിയായ ശീതീകരണ സംവിധാനമുള്ള വാഹനങ്ങളിൽ മാത്രം മത്സ്യം കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് അനുമതി നൽകുന്നതിനും കേടായതും രാസ പദാർത്ഥങ്ങൾ കലർത്തിയതുമായ മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ വച്ച് തന്നെ തടയുന്നതിനും ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ